# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അതിർത്തി സമാധാനത്തിലേയ്ക്ക്; വെടിനിർത്തലിനു സമ്മതിച്ച് ഇന്ത്യയും പാകിസ്ഥാനും; വൈകിട്ട് അഞ്ചുമുതൽ വെടിനിർത്തൽ നിലവിൽ വന്നതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി.

   **India and Pakistan Agree on Immediate Ceasefire; Foreign Secretary Vikram Misri made an announcement in this regard in New Delhi.**

2. ഇന്ന് എത്തിച്ചേർന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായും, ഭാവിയിലെ കടന്നുകയറ്റങ്ങളോട് ശക്തമായി പ്രതികരിക്കുമെന്നും സൈന്യം.

   **We will be adhering to the understanding that has been reached today. Every future escalation will invite decisive response: Indian Armed forces**

3. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുമെന്നു വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **India Will Remain Uncompromising in Fight Against Terrorism: EAM S. Jaishankar**

4. അഫ്ഗാൻ പ്രദേശത്ത് ഇന്ത്യ മിസൈൽ ആക്രമണം നടത്തിയെന്ന പാകിസ്ഥാൻ ആരോപണങ്ങൾ തള്ളി അഫ്ഗാനിസ്ഥാൻ.

   **Afghanistan Rejects Pakistan’s Claim about Indian Missile Strikes**

5. എസ് എസ് എൽ സി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാവർക്കും ഉപരിപഠന സാധ്യത ഉറപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി ; പ്ലസ് വൺ പ്രവേശനത്തിന് ഈമാസം 14 മുതൽ അപേക്ഷിക്കാം.

**Education Minister V Sivankutty says that all those who qualify in the SSLC exam will be ensured the opportunity for higher studies; Applications for Plus One admission can be made from the 14th of this month.**

**&&&&&&&&&&&&&&**

# HEADLINE 1

## INDIA-PAK CEASEFIRE- INTRO

ഇന്ത്യയും പാകിസ്ഥാനും വെടിനിർത്തലിനു ധാരണയായതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇന്നു വൈകിട്ട് അഞ്ചുമുതലാണ് വെടിനിർത്തൽ നിലവിൽ വന്നത്. ഉച്ചകഴിഞ്ഞ് 3.35ന് പാകിസ്ഥാൻ സൈനിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ, ഇന്ത്യൻ ഡിജിഎംഒയുമായി സംസാരിച്ചിരുന്നു. ഇരുപക്ഷവും കരയിലും വായുവിലും കടലിലുമുള്ള എല്ലാ വെടിവയ്പ്പുകളും സൈനിക നടപടികളും നിർത്താൻ ധാരണയായി. ഈ ധാരണ ഉടൻ പ്രാബല്യത്തിൽ വരുത്താൻ ഇരുപക്ഷത്തിനും നിർദ്ദേശങ്ങൾ നൽകി. ഈ മാസം 12ന് സൈനിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ വീണ്ടും ചർച്ച നടത്തുമെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&**

# HEADLINE 2

## INDIAN ARMY - PRESSMEET

ഇന്ന് എത്തിച്ചേർന്ന ധാരണയിൽ ഉറച്ചുനിൽക്കുമെന്നും ഭാവിയിലെ സംഘർഷങ്ങളോടു ശക്തമായി പ്രതികരിക്കുമെന്നും സൈന്യം അറിയിച്ചു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ ഔദ്യോഗികമായി സ്ഥിരീകരിച്ചശേഷം സൈനിക ഉദ്യോഗസ്ഥരായ സോഫിയ ഖുറേഷി,

വ്യോമിക സിംഗ്, രഘു നായർ എന്നിവർ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. സൈന്യം, നാവികസേന, വ്യോമസേന എന്നിവരോട് ധാരണ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് കമാൻഡർ രഘുനായർ പറഞ്ഞു. ഇന്ത്യൻ സായുധ സേന പള്ളികളെ ലക്ഷ്യം വച്ചുള്ള ആക്രമണങ്ങൾ നടത്തുന്നുവെന്ന് പാകിസ്ഥാൻ വ്യാജ ആരോപണങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ ഭീകര ക്യാമ്പുകൾ മാത്രമാണ് സേന ലക്ഷ്യമിട്ടത്. പഹൽഗാമിലെ ദാരുണമായ സംഭവങ്ങൾക്ക് ശേഷം സൈന്യം ഉത്തരവാദിത്വത്തോടെയാണു കാര്യങ്ങൾ കൈകാര്യം ചെയ്തത്. എന്നാൽ പാകിസ്ഥാന്റെ ഭാഗത്തുനിന്നും തെറ്റായ വിവരങ്ങളാണ് പ്രചരിപ്പിച്ചത്. ഇക്കാര്യത്തിൽ കാര്യങ്ങൾ വസ്തുനിഷ്ഠമായി പ്രസ്താവിക്കേണ്ടത് ഞങ്ങളുടെ കടമയാണെന്നും സൈനിക വക്താക്കൾ പറഞ്ഞു

**&&&&&&&&&&&&&&**

## HEADLINE 3

## REV. PM DEFENCE MEET

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുമെന്നു വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറും വ്യക്തമാക്കി. നേരത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു.

**&&&&&&&&&&&&&&**

## TRUMP- TWEET

ഇന്ത്യയും പാകിസ്ഥാനും വെടിനിർത്തലിനു ധാരണയായെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും എക്സ് പോസ്റ്റിൽ കുറിച്ചു. ഈ വിഷയം പരിഗണിച്ചതിന് ഇരുരാജ്യങ്ങൾക്കും നന്ദി അറിയിക്കുന്നെന്നും ട്രംപ് പറഞ്ഞു.

**&&&&&&&&&&&&&&**

## S.JAYASHANKAR

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കാ റൂബിയോയുമായി നേരത്തെ വിദേശകാര്യമന്ത്രി എസ് ജയശങ്കർ കൂടിക്കാഴ്ച

നടത്തിയിരുന്നു. ഭാവിയിലെ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള ചർച്ചകൾക്ക് അമേരിക്ക പിന്തുണ നൽകുമെന്നും മാർക്കോ റൂബിയോ അറിയിച്ചു.

&&&&&&&&&&&&&&

## CM KERALA

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുണ്ടായ സംഘർഷം അവസാനിപ്പിച്ച് വെടിനിർത്തൽ പ്രഖ്യാപിച്ചതിനെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വാഗതം ചെയ്തു. സംഘർഷം അവസാനിപ്പിക്കാനും സമാധാനം കൈവരിക്കാനുമുണ്ടായ തീരുമാനം വിവേകപൂർണമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## TERRORSIT - KILLED

ഓപ്പറേഷൻ സിന്ദൂരിന്റെ ഭാഗമായി ഇന്ത്യയുടെ തിരിച്ചടിയിൽ കൊല്ലപ്പെട്ടത് അഞ്ചു ഭീകരർ. ജെയ്ഷ്- ഇ മുഹമ്മദ്, ലഷ്കർ- ഇ- തൊയ്ബ സംഘടനകളിലെ ഭീകരരാണു പാകിസ്ഥാനിൽ കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&

## HEADLINE 4

## AFGHAN-MISSILE REAX

അഫ്ഗാൻ പ്രദേശത്ത് ഇന്ത്യ മിസൈൽ ആക്രമണം നടത്തിയെന്ന പാകിസ്ഥാൻ ആരോപണങ്ങൾ തള്ളി അഫ്ഗാനിസ്ഥാൻ. അത്തരം വാദങ്ങളിൽ സത്യമില്ലെന്ന് അഫ്ഗാൻ പ്രതിരോധ മന്ത്രാലയ വക്താവ് പ്രതികരിച്ചു.

&&&&&&&&&&&&&&

## AFGHAN- MISSILE ATTACK- INDIAN MILITARY

ഇന്ത്യൻ സൈനികകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ നശിപ്പിച്ചതായും അഫ്ഗാനിസ്ഥാനിൽ നടത്തിയ മിസൈൽ ആക്രമണങ്ങളെക്കുറിച്ചും പാകിസ്ഥാൻ നടത്തുന്ന അവകാശവാദങ്ങൾ

നുണ പ്രചാരണമാണെന്ന് പ്രതിരോധവക്താവും അറിയിച്ചു. സൂറത്ത്ഗഢിലെ സിർസയിലെ വ്യോമസേനാ സ്റ്റേഷനുകളും ആദംപുരിലെ എസ്-400 താവളവും നശിപ്പിച്ചെന്ന ആരോപണങ്ങൾ പൂർണ്ണമായും തെറ്റാണെന്നും പ്രതിരോധ വക്താവ് അറിയിച്ചു.

&&&&&&&&&&&&&&

## HEADLINE 5

## V SIVANKUTTY

എസ്എസ്എൽസി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠന സാധ്യത ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ഈ മാസം 14 മുതൽ 20 വരെ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 18 ന് ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&

## PEMMASENI- INTRO

മൻ കീ ബാത്ത് എന്നത് വേറിട്ട ആശയമാണെന്നും, ഇതിലൂടെ പ്രധാനമന്ത്രി റേഡിയോ എന്ന മാധ്യമത്തെ പുനരുജ്ജീവിപ്പിച്ചതായും കേന്ദ്രസഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി. 'മൻ കീ ബാത്' ക്വിസ് മത്സരം നാലാം സീസണിൽ വിജയികളായ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

## DR.CHANDRASEKHAR PEMMASENI

തിരുവനന്തപുരം വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് പോസ്റ്റ് ഓഫീസ് കെട്ടിടം കേന്ദ്ര സഹമന്ത്രി ഡോ. ചന്ദ്രശേഖർ പെമ്മസനി ഉദ്ഘാടനം ചെയ്തു. കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ജെ ടി വെങ്കടേശ്വർലു, അടൂർ പ്രകാശ് എം പി തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&

## DAY DELHI AIRPORT- OPERATIONS

ഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ സാധാരണ നിലയിലെന്ന് അധികൃതർ. വ്യോമാതിർത്തിയിൽ സാഹചര്യങ്ങൾ മാറുന്നതും സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തിയതും ചില വിമാന ഷെഡ്യൂളുകളെ ബാധിച്ചേക്കാമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&

## REV. GOVT. ADVISORY

സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ഒഴികെയുള്ളവയിൽ സിവിൽ ഡിഫൻസ് എയർ റെയ്ഡ് സൈറൺ ശബ്ദം ഉപയോഗിക്കുന്നത് ഒഴിവാക്കാൻ എല്ലാ മാധ്യമങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി. സൈറൺ സ്ഥിരമായി ഉപയോഗിക്കുന്നത് വ്യോമാക്രമണ സൈറണുകളോടുള്ള സാധാരണക്കാരുടെ പ്രതികരണം കുറയ്ക്കുമെന്നും യഥാർത്ഥ വ്യോമാക്രമണ സാഹചര്യങ്ങളിൽ ഇത് സാധാരണമാണെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ടെന്നും ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&

## INDIAN HIGH COMMISSIONER

പഹൽഗാം ഭീകരാക്രമണത്തിന് ഇന്ത്യ മറുപടി നൽകിയപ്പോൾ, ഇന്ത്യയിലെ ജനവാസ മേഖലയിലും സൈനിക അടിസ്ഥാന സൗകര്യങ്ങളും ലക്ഷ്യമിട്ട് നടത്തിയ ആക്രമണങ്ങളിലൂടെ പാകിസ്ഥാൻ സ്ഥിതിഗതികൾ വഷളാക്കിയതായി യു.കെ-യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രംദൊരൈസ്വാമി പറഞ്ഞു. ബി.ബി.സി റേഡിയോയുമായുള്ള സംഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഭീകരരെ ലക്ഷ്യമിട്ടുള്ള ഇന്ത്യയുടെ ആക്രമണങ്ങൾക്ക് മറുപടിയായി പാകിസ്ഥാൻ ആക്രമണം നടത്തുന്നുണ്ടെങ്കിൽ, അത് അടിസ്ഥാനപരമായി ഭീകരസംഘങ്ങൾക്കു വേണ്ടിയാണെന്നും വിക്രം ദൊരൈസാമി പറഞ്ഞു.

&&&&&&&&&&&&&&

## KERALA HOUSE - DELHI

സംഘർഷബാധിതമായ അതിർത്തിസംസ്ഥാനങ്ങളിലെ സർവകലാശാലകളിൽനിന്ന് കേരളത്തിലേക്ക് മടങ്ങുന്നതിനായി 75 ഓളം വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി. ജമ്മു, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിലെ വിവിധ കേന്ദ്ര - സംസ്ഥാന സർവകലാശാലകളിലെ വിദ്യാർത്ഥികളായ ഇവരെ ഉടൻ നാട്ടിലെത്തിക്കും.

&&&&&&&&&&&&&&

## GOVT. EXTENDS CISF MANDATE

സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് കാർഗോ പ്രവർത്തനങ്ങൾക്കും ഇൻ-ലൈൻ ഹോൾഡ് ബാഗേജ് സ്ക്രീനിംഗ് സിസ്റ്റത്തിനും അധിക സുരക്ഷാ പരിരക്ഷ നൽകുന്ന സി.ഐ.എസ്.എഫിന് ഈ മാസം 18 വരെ ചുമതല നീട്ടി നൽകിയതായി ഗവൺമെൻറ് അറിയിച്ചു.

&&&&&&&&&&&&&&

## UTTARAKHAND-CHARDHAM YATRA

ഉത്തരാഖണ്ഡിൽ ചാർധാം യാത്ര സുഗമമായി പുരോഗമിക്കുന്നതായി അധികൃതർ വ്യക്തമാക്കി. 4 ലക്ഷത്തിലധികം ഭക്തർ ഇതിനകം സന്ദർശനം നടത്തി. കേദാർനാഥ് ധാമിലേക്കുള്ള ഹെലികോപ്റ്റർ സർവീസുകൾ പൂർണമായും പ്രവർത്തനക്ഷമമാണെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു. ഭക്തർക്ക് സുരക്ഷിതവും തടസ്സരഹിതവുമായ തീർത്ഥാടനം ഉറപ്പാക്കുമെന്നും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## ARCHERY WORLD CUP

ഷാങ്ഹായിൽ നടന്ന അമ്പെയ്ത്ത് വേൾഡ് കപ്പ് സ്റ്റേജ് 2ൽ ഇന്ത്യക്കു മൂന്ന് മെഡലുകൾ. അഭിഷേക് വർമ, ഓജസ് ദേവ്താലെ, ഋഷഭ് യാദവ് എന്നിവരടങ്ങുന്ന പുരുഷ കോമ്പൗണ്ട് ടീം ഫൈനലിൽ മെക്സിക്കോയെ 232-228ന് പരാജയപ്പെടുത്തിയാണ് സ്വർണം നേടിയത്. വനിതാ കോമ്പൗണ്ട് ഇനത്തിൽ ജ്യോതി സുരേഖ വെന്നം, മധുര ധാമൻഗാവ്കർ, ചികിഥ താനിപാർഥി എന്നിവർ വെള്ളി മെഡൽ നേടി. ഫൈനലിൽ

മെക്സിക്കോയോടാണു പരാജയപ്പെട്ടത്. മിക്സഡ് ടീം ഇനത്തിൽ ഇന്ത്യ വെങ്കലം നേടി.

**&&&&&&&&&&&&&&**

## KHELO INDIA DELHI - SHOOTING

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 25 മീറ്റർ പിസ്റ്റൾ വനിതാ ഫൈനലിൽ ഡൽഹിയുടെ നാമ്യ കപൂറിനു സ്വർണം. മധ്യപ്രദേശിന്റെ അഞ്ജലി മഹേന്ദ്ര ഭഗവത് വെള്ളിയും രാജസ്ഥാന്റെ ഖാൻകവ്യാസ് വെങ്കലവും നേടി.

**&&&&&&&&&&&&&&**
**&&&&&&&&&&**
**&&&&**